# വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(സാന്നിദ്ധ്യം : അനുപമ T.V IAS)**

വിഷയം : വനിത ശിശു വികസന വകുപ്പ് – സംയോജിത ശിശു വികസന സേവന പദ്ധതി – അങ്കണവാടി കെട്ടിട വാടക, ഓഫീസ് വാടക, കെട്ടിട നികുതി – ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: പാലക്കാട്, കാസർഗോഡ് ജില്ലാ വനിത ശിശു വികസന ഓഫീസർമാരുടെ ഫണ്ട് റിക്വയർമെന്റ് പ്രൊപ്പോസൽ

**ഉത്തരവ് നമ്പർ ICDS/B5- 30277/19 തീയതി: 31.03.2021**

വനിത ശിശു വികസന വകുപ്പിന് കീഴിൽ സംസ്ഥാനത്ത് അങ്കണവാടികളിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടി കെട്ടിടങ്ങളുടെ വാടക, ഓഫീസ് വാടക, ഓഫീസ് കെട്ടിട നികുതി എന്നീ ഇനങ്ങളിൽ ഫണ്ട് അനുവദിക്കുന്നതിനായി പാലക്കാട്, കാസർഗോഡ് വനിത ശിശു വികസന ഓഫീസർമാരിൽ നിന്നും ഫണ്ട് റിക്വയർമെന്റ് പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്.

മേൽ പരാമർശിത ഇനങ്ങൾക്ക് വിനിയോഗിക്കുന്നതിനായി 2235-02-102-47-06-RRT(P) എന്ന ശീർഷകത്തിൽ നിലവിലുള്ള ഫണ്ട് ലഭ്യത കൂടി പരിഗണിച്ച് ജില്ലാ വനിത ശിശു വികസന ഓഫീസർമാരിൽ നിന്നും ലഭ്യമായിട്ടുള്ള ഫണ്ട് റിക്വയർമെന്റ് അടിസ്ഥാനത്തിൽ ചുവടെ വിവരിക്കുന്ന ജില്ലകൾക്ക് ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | ഇനം | അനുവദിക്കുന്ന തുക |
|---|---|---|---|
| 1 | പാലക്കാട് | അങ്കണവാടി കെട്ടിട വാടക | 2,10,390 |
| 2 | കാസർഗോഡ് | ഓഫീസ് വാടക | 1,03,334 |
| | ആകെ | | 3,13,724 |

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെയും ഓഫീസ് കെട്ടിടങ്ങളുടെയും വാടക കൃത്യമായി നിലവിലുള്ള വാടക കരാർ വ്യവസ്ഥകൾക്ക് വിധേയമായി നടപ്പു സാമ്പത്തിക വർഷം തന്നെ ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർ കെട്ടിടം ഉടമയ്ക്ക് മാറി നൽകേണ്ടതാണ്.

ഇതിലേയ്ക്ക് ആവശ്യമായ ആകെ തുകയായ 3,13,724/-(മൂന്നു ലക്ഷത്തി പതിമൂന്നായിരത്തി എഴുന്നൂറ്റി ഇരുപത്തി നാല് രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ 2235-02-102-47-06-RRT(P) എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. ധന വിനിയോഗ സാക്ഷ്യപത്രം ജില്ലാ തലത്തിൽ ക്രോഡീകരിച്ചു

ജില്ല വനിത ശിശു വികസന ഓഫീസർമാർ യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ

ബന്ധപ്പെട്ട ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക്

പകർപ്പ്:

1) ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്ക്
2) ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക്.
3) സൂപ്രണ്ട് - അലോട്ടമെന്റ്/അക്കൗണ്ട്സ് സെക്ഷൻ.
4) സൂപ്രണ്ട് – പ്ലാനിംഗ് സെൽ
5) സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Sunde
സൂപ്രണ്ട്

sha@2020